ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 15.02.2025** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. നിർമ്മിത ബുദ്ധിയും സാങ്കേതിക വിദ്യകളും ഭാഷയിൽ സ്വാധീനം ചെലുത്തുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു.

   **Artificial Intelligence and technology are having an impact on language says President Droupadi Murmu.**

2. കഴിഞ്ഞ പത്തുവർഷത്തിനിടെ രാജ്യത്തെ മത്സ്യോത്പാദനം ഇരട്ടിയായയാതായി കേന്ദ്ര സർക്കാർ.

   **Fish production in country doubles in last 10 years says Ministry of Fisheries.**

3. കേരളത്തിൽ നാല് സയൻസ് പാർക്കുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **CM Pinarayi Vijayan says that steps will be taken to set up four science parks in Kerala.**

4. കാശി തമിഴ് സംഗമത്തിന്റെ മൂന്നാം പതിപ്പിന് ഇന്ന് ഉത്തർപ്രദേശിലെ വാരാണസിയിൽ തുടക്കം.

   **The third edition of the Kashi Tamil Sangam begins today in Varanasi, Uttar Pradesh.**

5. ഐ എസ് എൽ ഫുടബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് – മോഹൻ ബഗാൻ സൂപ്പർ ജയൻറ്സ് പോരാട്ടം.

   **In ISL football Kerala Blasters will face Mohun Bagan Supergiants today.**

&&&&&&&&&&&&&&&&

# HEADLINE – 1
# PRESIDENT

നിർമിത ബുദ്ധിയുടെ പ്രചാരം അതിവേഗം വ്യാപിക്കുകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഝാർഖണ്ഡിൽ മേസ്രയിലെ ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 70-ാം വാർഷികാഘോഷത്തിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. നിർമ്മിത ബുദ്ധിയുടെയും സാങ്കേതിക വിദ്യകളുടെയും ഉപയോഗം ഭാഷയിൽ സ്വാധീനം ചെലുത്തുന്നതായും രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

നിർമ്മിത ബുദ്ധിയുടെ സാധ്യതകൾ കണക്കിലെടുത്ത് കേന്ദ്ര സർക്കാർ അത് ഉന്നതവിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വികസിതഭാരതത്തിന്റെ സൃഷ്ടിയിൽ യുവാക്കൾക്ക് വലിയ പങ്കാണുള്ളതെന്നും ശ്രീമതി മുർമു അഭിപ്രായപ്പെട്ടു. ഉന്നത വിദ്യാഭ്യാസ രംഗത്ത് ബി ഐ ടി മേസ്ര നടത്തുന്ന ശ്രമങ്ങളെ രാഷ്ട്രപതി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&

# VP-VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ജമ്മു സന്ദർശിക്കുന്നു. ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ ജമ്മു കശ്മീർ മുഖ്യമന്ത്രി ശ്രീ ഒമർ അബ്ദുള്ള എന്നിവർ അദ്ദേഹത്തെ വിമാനത്താവളത്തിൽ സ്വീകരിച്ചു. മാതാ വൈഷ്ണോ ദേവി ക്ഷേത്രത്തിൽ സന്ദർശനം നടത്തിയ അദ്ദേഹം വൈഷ്ണോദേവി സർവകലാശാലയുടെ പത്താം ബിരുദദാന ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഇന്ന് റിയാസി ജില്ലയിലെ ഭൈരോൺ ക്ഷേത്രത്തിലും ശ്രീ ധൻഖർ ദർശനം നടത്തും.

&&&&&&&&&&&&&&&&&

## PARIKSHA PE CHARCHA - 5TH EPISODE

യഥാർത്ഥ പുരോഗതി അക്കാദമിക മികവിൽ നിന്ന് മാത്രമല്ല, മാനസിക വളർച്ചയിൽ നിന്നുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വിശ്വസിക്കുന്നതായി ആത്മീയ നേതാവ് സദ്ഗുരു. പരീക്ഷാ പേ ചർച്ച- 2025 ന്റെ അഞ്ചാം ഭാഗത്തിൽ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യുകയായിയിരിന്നു അദ്ദേഹം. പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും പരീക്ഷകളിൽ മികവ് പുലർത്താനുമുള്ള മാർഗങ്ങളും സദ്ഗുരു വിദ്യാർത്ഥികളുമായി പങ്കിട്ടു.

&&&&&&&&&&&&&&&&&

## GABBARD-MODI

പ്രധാനമന്ത്രി നരേന്ദ്രമോദിയെ അമേരിക്കയിലേക്ക് സ്വാഗതം ചെയ്യാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്ന് യുഎസ് ദേശീയ ഇന്റലിജൻസ് ഡയറക്ടർ തുളസി ഗബ്ബാർഡ്. ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദം ശക്തിപ്പെടുത്താൻ ആഗ്രഹിക്കുന്നുവെന്നും സമൂഹമാധ്യമത്തിൽ പ്രധാനമന്ത്രി മോദി പങ്കിട്ട പോസ്റ്റിന് മറുപടിയായി അവർ പറഞ്ഞു. അമേരിക്കൻ സന്ദർശനത്തിനിടെ പ്രധാനമന്ത്രി തുളസി ഗബ്ബാർഡുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

&&&&&&&&&&&&&&&&&

## REV. JAISHANKAR-MUNICH - INTRO

ജർമ്മനിയിൽ നടന്ന മ്യൂണിക്ക് സുരക്ഷാ സമ്മേളനത്തിനിടെ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ യുക്രൈൻ വിദേശകാര്യ മന്ത്രി ആൻഡ്രി സിബിഹയുമായി കൂടിക്കാഴ്ച നടത്തി. യുക്രൈൻ സംഘർഷം, ഉഭയകക്ഷി

സഹകരണം എന്നീ വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്തു. ജർമൻ പ്രതിരോധ മന്ത്രി ബോറിസ് പിസ്റ്റോറിയസുമായും മറ്റ് ഉന്നത പ്രതിനിധികളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. 61-ാമത് മ്യൂണിക്ക് സുരക്ഷാ സമ്മേളനം ഇന്നലെയാണ് ആരംഭിച്ചത്. തുടർന്ന് നടന്ന പാനൽ ചർച്ചയിലും അദ്ദേഹം പങ്കെടുത്തു. ഇന്ത്യൻ ജനാധിപത്യത്തിൽ ശുഭാപ്തി വിശ്വാസം ഉണ്ടെന്നും ആഗോളതലത്തിൽ ജനാധിപത്യം പ്രതിസന്ധിയിലാണെന്ന കാഴ്ചപ്പാടല്ല തനിക്കെന്നും ശ്രീ ജയശങ്കർ ചർച്ചയിൽ പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&

## SELECT COMMITTEE

പുതിയ ആദായ നികുതി ബിൽ പരിശോധനയുമായി ബന്ധപെട്ട് ലോക്സഭാ സ്പീക്കർ ഓം ബിർള, എം.പി ബൈജയന്ത് പാണ്ഡയുടെ നേതൃത്വത്തിൽ 31 അംഗ സെലക്ട് കമ്മിറ്റിക്ക് രൂപം നൽകി. അടുത്ത സമ്മേളനത്തിൻറെ ആദ്യ ദിവസം സമിതി റിപ്പോർട്ട് സമർപ്പിക്കും. ആദായനികുതിയുമായി ബന്ധപ്പെട്ട നിയമം ഏകീകരിക്കാനും ഭേദഗതി ചെയ്യാനും ലക്ഷ്യമിട്ടുള്ള ആദായനികുതി ബിൽ 2025, വ്യാഴാഴ്ചയാണ് ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചത്.

&&&&&&&&&&&&&&&&&

## PRALHAD JOSHI

കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സംഘം ഇന്നലെ ചണ്ഡീഗഢിൽ കർഷക പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി. കർഷക സമൂഹത്തിന്റെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ

സ്വീകരിച്ച നിരവധി നടപടികളെക്കുറിച്ച് യോഗത്തിൽ കർഷകരെ അറിയിച്ചതായി അദ്ദേഹം പറഞ്ഞു. കർഷകരുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട് ഈ മാസം 22 ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാന്റെ നേതൃത്വത്തിൽ അടുത്ത ഘട്ട ചർച്ച നടത്താൻ തീരുമാനിച്ചതായി അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 2
## FISH PRODUCTION

കഴിഞ്ഞ പത്തുവർഷത്തിനിടെ രാജ്യത്തെ മത്സ്യോത്പാദനം ഇരട്ടിയായാതായി ഫിഷറീസ് മന്ത്രാലയം. 2013-14ൽ 95 ലക്ഷം ടണ്ണായിരുന്ന മത്സ്യോൽപ്പാദനം 2023-24ൽ 184 ലക്ഷം ടണ്ണായി ഉയർന്നു. ആഗോള മത്സ്യ ഉൽപ്പാദനത്തിൽ എട്ട് ശതമാനം പങ്കാളിത്തമുള്ള ഇന്ത്യ ഏറ്റവും വലിയ രണ്ടാമത്തെ മത്സ്യ ഉൽപ്പാദന രാജ്യമാണെന്നും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 3
## KERALA - CM

കേരളത്തിൽ നാല് സയൻസ് പാർക്കുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള ശാസ്ത്രജ്ഞരുമായുള്ള മുഖാമുഖം 'സയന്റിസ്റ്റ് കോൺക്ലേവ്' പരിപാടി കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ശാസ്ത്ര വളർച്ചക്ക് അടിസ്ഥാനസൗകര്യമൊരുക്കാൻ സംസ്ഥാന സർക്കാർ അതീവ ശ്രദ്ധ പുലർത്തുന്നുവെന്നും അദ്ദേഹം പറഞ്ഞു. ശാസ്ത്രം ശാസ്ത്ര വിദ്യാർഥികൾക്ക് മാത്രമെന്ന ധാരണ മാറണമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&

## AK SASEENDRAN - KOZHIKODE

കോഴിക്കോട് കൊയിലാണ്ടിയിൽ നാട്ടാന പരിപാലന ചട്ടം പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചുവെന്ന് മന്ത്രി എ.കെ.ശശീന്ദ്രൻ. വളരെ ദാരുണമായ ദുരന്തത്തിനാണ് പ്രദേശം സാക്ഷ്യം വഹിച്ചത്. ദുരന്തത്തിൻ്റെ ആഘാതം വളരെ വലുതാണെന്നും നിയമപരമായി എന്ത് വീഴ്ചയുണ്ടായാലും അവർക്കെതിരെ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## WEATHER - HEAT

കേരളത്തിലെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് സാധാരണയെക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സൂര്യാഘാത സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&

## HEADLINE – 4
## REV. KASHI TAMIL SANGAMAM

കാശി തമിഴ് സംഗമത്തിന്റെ മൂന്നാം പതിപ്പിന് ഇന്ന് ഉത്തർപ്രദേശിലെ വാരാണസിയിൽ തുടക്കം. തമിഴ്നാടും കാശിയും തമ്മിലുള്ള സാംസ്കാരിക ബന്ധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിയാണ് സംഗമം സംഘടിപ്പിക്കുന്നത്. കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ തുടങ്ങിയവർ ചേർന്ന് പരിപാടി ഉദ്ഘാടനം ചെയ്യും. പത്ത് ദിവസത്തെ സംഗമം ഈ മാസം 24 ന്

സമാപിക്കും. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഉൾപ്പെടെ വിവിധ മന്ത്രാലയങ്ങളും ഉത്തർപ്രദേശ് സർക്കാരും സംയുക്തമായിയാണ് കാശി തമിഴ് സംഗമം സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&

## POI- AADI MAHOTSAV

ആദി മഹോത്സവ് 2025 രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യും. ഗോത്രവർഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, ഗോത്ര സമൂഹങ്ങളുടെ കരകൗശലം, സംസ്കാരം, ഭക്ഷണം തുടങ്ങിയവ പ്രചരിപ്പിക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&

## PRAYAGRAJ-ACCIDENT

ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ ഇന്നലെ രാത്രിയിൽ ഉണ്ടായ വാഹനാപകടത്തിൽ 10 പേർ മരിച്ചു. 19 പേർക്ക് പരിക്കേറ്റു. ഛത്തീസ്ഗഢിൽ നിന്ന് പ്രയാഗ്‌രാജിലേക്ക് വന്ന വാഹനവും പ്രയാഗ്‌രാജിൽ നിന്ന് വാരണസിയിലേക്ക് പോവുകയായിരുന്ന ബസും കൂട്ടിയിടിക്കുകയായിരുന്നു. അപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ദുഃഖം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&

## HEADLINE – 5

## ISL

ഐ എസ് എൽ ഫുടബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - മോഹൻ ബഗാൻ സൂപ്പർ ജയൻറ്സിനെ നേരിടും. വൈകുന്നേരം 7.30 ന് കൊച്ചി ജവഹർലാൽ നെഹ്റു

സ്റ്റേഡിയത്തിലാണ് മത്സരം. നിലവിൽ പോയിന്റ് പട്ടികയിൽ മോഹൻ ബഗാൻ ഒന്നാം സ്ഥാനത്തും ബ്ലാസ്റ്റേഴ്സ് എട്ടാം സ്ഥാനത്തുമാണ്. ഇന്ന് നടക്കുന്ന മറ്റൊരു മത്സരത്തിൽ ചെന്നൈയിൻ എഫ് സി – പഞ്ചാബിനെ നേരിടും. വൈകുന്നേരം അഞ്ചിന് ചെന്നൈയിലാണ് മത്സരം.

&&&&&&&&&&&&&&&&

## SQUASH

ഹോങ്കോങ്ങിൽ നടക്കുന്ന ഏഷ്യൻ ജൂനിയർ ടീം സ്ക്വാഷ് ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും വിഭാഗത്തിൽ ഇന്ത്യൻ ടീമുകൾ സെമിയിൽ കടന്നു. പെൺകുട്ടികളുടെ ടീം പൂൾ ബിയിൽ രണ്ടാം സ്ഥാനത്തെത്തി. ഇന്ന് നടക്കുന്ന സെമിയിൽ അവർ ഹോങ്കോങ്ങിനെ നേരിടും. ആൺകുട്ടികളുടെ വിഭാഗത്തിൽ ഹോങ്കോങ്ങിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യൻ ടീമിൻറെ സെമി പ്രവേശനം.

&&&&&&&&&&&&&&&&

## W P L

വഡോദരയിൽ നടക്കുന്ന വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ ഉദ്ഘാടന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ഗുജറാത്ത് ജയൻ്റ്സിനെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി. 202 റൺസ് വിജയലക്ഷ്യം പിന്തുടർന്ന റോയൽ ചലഞ്ചേഴ്സ് നാല് വിക്കറ്റ് ബാക്കിനിൽക്കെ ലക്ഷ്യം നേടി. ഇന്ന് നടക്കുന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ് ,ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

&&&&&&&&&&&&&&&&

## CBSE

സിബിഎസ്ഇ 10, 12 ക്ലാസുകളിലേക്കുള്ള ബോർഡ് പരീക്ഷകൾക്ക് തുടക്കമായി. ഇന്ത്യയിലും വിദേശത്തുമായി 7,842 പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നായി 42 ലക്ഷത്തിലധികം വിദ്യാർത്ഥികളാണ് പരീക്ഷ എഴുതുന്നത്. രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ ഒറ്റ സെഷനിലാണ് പരീക്ഷകൾ നടക്കുക. പത്താം ക്ലാസ് പരീക്ഷകൾ മാർച്ച് 18 നും , 12 ക്ലാസ് പരീക്ഷകൾ ഏപ്രിൽ 4 നും അവസാനിക്കും.

&&&&&&&&&&&&&&&&

## GOLD RATE

സ്വർണ വില കുറഞ്ഞു. സ്വർണം ഗ്രാമിന് 100 രൂപ കുറഞ്ഞ് 7,890 രൂപയും, പവന് 800 രൂപ കുറഞ്ഞ് 63,120 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

## THRISSUR BANK

തൃശ്ശൂർ പോട്ട ബാങ്ക് കവർച്ച കേസിൽ നിർണ്ണായക വഴിതിരിവ്. മോഷണം നടത്തിയ ശേഷം പ്രതി നേരെ രക്ഷപ്പെട്ടത് തൃശൂർഭാഗത്തേക്കാണെന്ന് സൂചന. അന്വേഷണം തൃശൂർ പാലക്കാട്, മലപ്പുറം ഉൾപ്പെടെയുള്ള വടക്കൻ ജില്ലകളിലേക്ക് വ്യാപിപ്പിച്ചിരിക്കുകയാണ്. അതിനിടെ അന്വേഷണപുരോഗതി വിലയിരുത്താൻ റൂറൽ എസ്പി ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥർ ചാലക്കുടി DYSP ഓഫീസിൽ യോഗം ചേർന്നു.

&&&&&&&&&&&&&&&&

## POT

കേരള മൺപാത്ര നിർമ്മാണ സമുദായ സഭ സംസ്ഥാന സമ്മേളനം നാളെ രാവിലെ കാസർഗോഡ് എരിക്കുളം ദേവസ്വം മൈതാനത്ത് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്താൻ കേന്ദ്രത്തിൽ വീണ്ടും ശുപാർശ ചെയ്യുക, മൺപാത്ര നിർമ്മാണ തൊഴിൽ സംരക്ഷിക്കാൻ കോർപ്പറേഷൻ പ്രവർത്തനം സജ്ജമാക്കുക തുടങ്ങിയ ആവശ്യങ്ങൾ സമ്മേളനം ഉന്നയിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

&&&&&&&&&&&&&&&&

## PRIME MINISTER'S AWARDS FOR EXCELLENCE

പൊതുഭരണ രംഗത്തെ മികവിന് നൽകുന്ന Prime Minister's Awards for Excellence 2024-നുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി അടുത്ത മാസം 21 വരെ നീട്ടി. മികച്ച പ്രകടനം കാഴ്ചവെക്കുന്ന ജില്ലകൾ, കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കാണ് പുരസ്ക്കാരം നൽകുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&